**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 678** **05-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. യിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്‌കുമാർ ജോസഫ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ അനുവദനീയമായ എണ്ണവും നിലവിൽ ടി തസ്തികയിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും വെളിപ്പെടുത്തുമോ; | (എ) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അനുവദനീയമായ ജീവനക്കാരുടെ എണ്ണം 402 ആണെങ്കിലും; ടി തസ്തികയിൽ നിലവിൽ പ്രവൃത്തിയെടുക്കുന്ന ജീവനക്കാരുടെ എണ്ണം 419 ആണ്. |
| (ബി) | അനുവദനീയമായതിൽ കൂടുതൽ ജീവനക്കാർ ഈ തസ്തികയിൽ ജോലി ചെയ്യുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ അതിന്റെ സാഹചര്യം വ്യക്തമാക്കുമോ; | (സി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഫീൽഡ് വിഭാഗം തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർ അത്യന്തം അപകടം നിറഞ്ഞ ജോലികളിലാണ് ഏർപ്പെട്ടിരിക്കുന്നത്. അതിനാൽ തന്നെ നിരവധി ജീവനക്കാർക്ക് ജോലിക്കിടെ വൈദ്യുത അപകടങ്ങളിൽപ്പെട്ട് ജീവഹാനി സംഭവിക്കുന്നുണ്ട്. ഇത്തരത്തിലുള്ള അപകടങ്ങളിൽപ്പെട്ടും അല്ലാതെയും മരണപ്പെടുന്ന ഫീൽഡ്, ഇതരവിഭാഗങ്ങളിലെ വിവിധ തസ്തികകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ആശ്രിതർക്ക്, പ്രത്യേകിച്ച് അവരുടെ വിധവകൾക്ക്, ആശ്രിത നിയമനം നൽകേണ്ടിവരുമ്പോൾ സാധാരണയായി ഭൂരിപക്ഷം പേർക്കും അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലെ ആശ്രിത നിയമന വ്യവസ്ഥപ്രകാരം ഓഫീസ് അറ്റൻഡന്റ്, സ്വീപ്പർ തുടങ്ങിയ തസ്തികകളിലാണ് പരിഗണിക്കുന്നത്. ആയതിനാലാണ് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പ്രവൃത്തിയെടുക്കുന്ന ജീവനക്കാരുടെ എണ്ണം അനുവദനീയമായ എണ്ണത്തേക്കാൾ അധികരിച്ചു നിൽക്കുന്നത്. |
| (ഡി) | ആശ്രിത നിയമനത്തിനായി പ്രസ്തുത തസ്തികയിൽ എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്ന് | (ഡി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | ആശ്രിതനിയമനത്തിനായി നിലവിൽ 79 അപേക്ഷകൾ പരിഗണനയിലുണ്ട്. |
| (ഇ) | ശ്രീമതി മഞ്ചിത എൻ.എസ്. (നമ്പോതപറമ്പിൽ ഹൗസ്, കാതിക്കുടം പി.ഓ, കൊരട്ടി, തൃശ്ശൂർ) ന്റെ ആശ്രിതനിയമനത്തിനായുള്ള അപേക്ഷയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ? | (ഇ) | ശ്രീമതി മഞ്ചിത എൻ.എസ്. (നമ്പോത പറമ്പിൽ ഹൗസ്, കാതികുടം പി.ഒ, കൊരട്ടി, തൃശ്ശൂർ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ആശ്രിതനിയമനത്തിനായി സമർപ്പിച്ച അപേക്ഷ സൂക്ഷ്മപരിശോധനകൾ പൂർത്തിയാക്കി ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള നിയമന ഉത്തരവിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പരിഗണനയിലുണ്ട്. എന്നാൽ നിലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അനുവദനീയമായ എണ്ണത്തിലും കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്നതിനാൽ ടിയാൾക്ക് ടി തസ്തികയിൽ നിയമനം നൽകാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ